**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2761** **24-02-2026 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വനവിസ്തൃതിയും വനം കയ്യേറ്റം ഒഴിപ്പിക്കുന്ന നടപടികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നിലവിലുള്ള വനവിസ്തൃതി ദേശീയ ശരാശരിയെക്കാൾ കൂടുതലാണോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ നിലവിലുള്ള വനവിസ്തൃതി 1153190.8 ഹെക്ടർ ആണ്. ആയത് ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്. |
| (ബി) | 2016 മുതൽ 2021 വരെയുള്ള കാലയളവിൽ സർക്കാർ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചുവെന്നും നിലവിലെ സർക്കാർ നാളിതുവരെ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | 2016 മുതൽ 2021 വരെ കാലയളവിൽ 60.46448 ഹെക്ടർ കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. നിലവിലെ സർക്കാർ 27.1852 ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിക്കാനുണ്ട്; | (സി) | നിലവിൽ 4972.8693 ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിക്കാനുണ്ട്. |
| (ഡി) | വനം കയ്യേറ്റം തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | വനം കയ്യേറ്റം തടയുന്നതിന് വനാതിർത്തികളിൽ സർവ്വേയർമാരുടെ സേവനം ഉപയോഗപ്പെടുത്തി അംഗീകൃത സ്കെച്ച് പ്രകാരം അതിർത്തി നിർണ്ണയം നടത്തി ജണ്ടകൾ സ്ഥാപിച്ചും പുതുതായി കണ്ടെത്തുന്ന കയ്യേറ്റങ്ങൾ യഥാസമയങ്ങളിൽ ഒഴിപ്പിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ